**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **02-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറത്ത് ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷൻ മാത്രം നിലവിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ മലപ്പുറം കേന്ദ്രമായി പുതുതായി ഒരു ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പരിഗണനയിലാണ്. |
| (സി) | ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് 3.0 സോഫ്റ്റ്‌വെയർ മുഖേന നിലവിൽ മേൽ ഓഫീസുകളിലേക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് 3.0 സോഫ്റ്റ് വെയർ മുഖേന നിലവിൽ മേൽ ഓഫീസിലേയ്ക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കുന്നുണ്ട്. മേൽ ഓഫീസുകളിലേയ്ക്ക് എസ്റ്റിമേറ്റുകൾ അയക്കാൻ പറ്റാത്ത സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ